## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2360 12-06-2018-ൽ മറുപടിക്ക്**

**നികുതി ചോർച്ച**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, കെ. എൻ.എ ഖാദർ<br>,, സി. മമ്മൂട്ടി<br>ഡോ. എം.കെ. മുനീർ | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ജി. എസ്.ടി നടപ്പിലാക്കിയതിനു ശേഷം നികുതി ചോർച്ച ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ജി.എസ്.ടിയുമായി ബന്ധപ്പെട്ട റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ഇത് GSTIN സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മൂലമാണ്. റിട്ടേണുകളുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും നിലവിൽ ലഭ്യമല്ലാത്തതിനാൽ GST റിട്ടേൺ പരിശോധിച്ച് നികുതി അടവിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് നിലവിൽ പരിമിതികളുണ്ട്. GST യുമായി ബന്ധപ്പെട്ട് 2017-18 ന്റെ Annual Return ഡിസംബർ 2018 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേണുകളുടെ വിശദമായ സ്ക്രൂട്ടിനി നടത്തിയാലെ നികുതി പിരിവ് വിലയിരുത്തുവാൻ സാധിക്കുകയുള്ളു. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം പ്രത്യേകമായി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>അന്തർ സംസ്ഥാനത്തേയും സംസ്ഥാനത്തിനകത്തേയും ചരക്കു നീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 01/04/2018 |

| | | | |
|---|---|---|---|
| | | | മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തു നോക്കി നികുതി വെട്ടിപ്പ് നല്ലൊരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും. |
| (ബി) | നികുതി ചോർച്ച തടയുന്നതിനായി നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) & (സി) | നികുതി ചോർച്ച തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥ വിഭാഗത്തെ പുന:ക്രമീകരിച്ച് ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**